മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 29

# വാർത്താക്കുറിപ്പ്

---

## അസിസ്റ്റൻറ് പ്രോഗ്രാം കോ-ഓർഡിനേറ്റർ; നാളെ വൈകുന്നേരം വരെ അപേക്ഷ നൽകാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഓൺലൈൻ എജ്യൂക്കേഷനിൽ (സി.ഒ.ഇ) അസിസ്റ്റൻറ് പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിൽ ഈഴവ/ബില്ലവ/തീയ്യ കാറ്റഗറിയിലെ ഒരൊഴിവിൽ കരാർ നിയമനത്തിന് നാളെ(ഡിസംബർ 1) വൈകുന്നേരം വരെ അപേക്ഷ സ്വീകരിക്കും.

കുറഞ്ഞത് 55 ശതമാനം മാർക്കോടെ എം.കോം. ബിരുദവും നെറ്റ്/പി.എച്ച്.ഡി യോഗ്യതയുമുള്ളവരെയാണ് പരിഗണിക്കുന്നത്. ഓൺലൈൻ ടീച്ചിംഗ്, കണ്ടൻറ് ക്രിയേഷൻ, ലേണിംഗ് മാനേജ്മെൻറ് സിസ്റ്റം, ഐ.സി.ടി അധിഷ്ഠിത ടീച്ചിംഗ് ആൻറ് ലേണിംഗ് സിസ്റ്റം എന്നിവയിൽ പ്രവൃത്തിപരിചയം അഭികാമ്യം. പ്രായം 2021 ജനവരി ഒന്നിന് 45 വയസ് കവിയരുത്.

പ്രതിമാസ സഞ്ചിത വേതനം 47000 രൂപ. തുടക്കത്തിൽ ഒരു വർഷമാണ് കരാർ കാലാവധി. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ മൂന്നു വർഷം വരെ ദീർഘിപ്പിക്കാം.

യോഗ്യരായവർ വിജ്ഞാപനത്തിനൊപ്പമുള്ള അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് coe@mgu.ac.in എന്ന ഇ മെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. ഇ-മെയിൽ സബ്ജക്ട് ഹെഡിൽ Application for the Post of Assistant Programme Co-ordinator-COE (Category - (A) എന്ന് ചേർക്കണം.

അപേക്ഷയ്ക്കൊപ്പം പ്രായം, വിദ്യാഭ്യാസം, അധിക യോഗ്യത, പ്രവൃത്തിപരിചയം, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉൾപ്പെടുത്തണം.
അപേക്ഷകളുടെ പ്രാഥമിക പരിശോധനയ്ക്കു ശേഷം യോഗ്യരായവരെ അഭിമുഖത്തിൽ പങ്കെടുപ്പിക്കും. 2021 ഫെബ്രുവരി 10ലെ വിജ്ഞാപന(1345/ADA7/2021/AdA7)പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

വിജ്ഞാപനവും അനുബന്ധ അപേക്ഷാ ഫോറവും സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/1675/2022)

## പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ

പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ(2021 അഡ്മിഷൻ) ഡിസംബർ 13ന് ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ എട്ടുവരെയും പിഴയോടുകൂടി ഡിസംബർ ഒൻപതിനും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 12നും അപേക്ഷ സ്വീകരിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ./39/1676/2022)

## പരീക്ഷാ ഫലം

പഞ്ചവത്സര എൽ.എൽ.ബി ആറാം സെമസ്റ്റർ( 2010 അഡ്മിഷന് രണ്ടാം മെഴ്സി ചാൻസ്, 2009 അഡ്മിഷന് മൂന്നാം മേഴ്സി ചാൻസ് ജൂലൈ 2022) ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 13 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1677/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**